**'ഭരണഭാഷ- മാതൃഭാഷ'**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ്- എടയാറ്റൂർ ഡി . എൻ . എം . എ. യു . പി . സ്കൂൾ മാനേജർ ബഹു . ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി നം . 22731/2021 ന്മേലുള്ള 22/10/2021 ലെ വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ(എസ്.സി) വകുപ്പ്**

സ.ഉ.(സാധാ) നം.516/2022/പൊ.വി.വ    തീയതി,തിരുവനന്തപുരം, 25/01/2022

---

പരാമർശം:-

1. സ.ഉ.(സാധാ)നം.3287/21 തീയതി 6/7/21
2. എടയാറ്റൂർ ഡി . എൻ . എം . യു . പി . സ്കൂൾ മാനേജർ ബഹു . ഹൈക്കോടതിയിൽ ഫയൽ ചെയ്ത 22731/2021 ന്മേലുള്ള 22/10/2021 നമ്പർ റിട്ട് ഹർജി
3. എടയാറ്റൂർ ഡി . എൻ . എം . യു . പി . സ്കൂൾ മാനേജർ ബഹു . ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി നം . 22731/2021 ന്മേലുള്ള 22/10/2021 ലെ വിധിന്യായം
4. 8/12/21 ലെ വണ്ടൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ എ6/3367/21 നമ്പർ
5. 26/9/21 ലെ മേലാറ്റൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ .നം.C/14126/21 നടപടി ക്രമം.

**<u>ഉത്തരവ്</u>**

എടയാറ്റൂർ ഡി . എൻ . എം . എ .യു . പി . സ്കൂൾ മാനേജർ ബഹു . ഹൈക്കോടതിയിൽ പരാമർശം 1 പ്രകാരം ഫയൽ ചെയ്ത റിട്ട് ഹർജി നം . 22731/2021 ന്മേലുള്ള പരാമർശം 2 പ്രകാരമുള്ള വിധിന്യായത്തിൽ ഹർജിക്കാരൻ , 4- ◌ാം എതിർ കക്ഷി എന്നിവരെ നേരിൽ കേട്ടതിനുശേഷം Ext.P4 റിവിഷൻ ഹർജി 3 മാസത്തിനകം തീർപ്പാക്കാൻ ഒന്നാം എതിർ കക്ഷി സർക്കാരിനോട് നിർദ്ദേശിച്ചിരുന്നതിൻ പ്രകാരം ഹർജിക്കാരുടെ അംഗീകൃത നോമിനിയേയും മറ്റ് ബന്ധപ്പെട്ട കക്ഷികളേയും 07/01/22 തീയതിൽ നേരിൽ കേട്ടു .

ടി സ്കൂളിൽ ജൂനിയർ ഹിന്ദി അറബിക് തസ്തികയിലുണ്ടായ വിരമിക്കൽ ഒഴിവിലേക്ക് 15/07/2021 മുതൽ നിയമിതയായ 4- ◌ാം എതിർ കക്ഷിയുടെ നിയമനം അംഗീകരിയ്ക്കുന്നതിന് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകണമെന്നതാണ് Ext. P4 റിവിഷൻ ഹർജിയിലെ ആവശ്യം .

സർക്കാർ ഈ വിഷയം നിലവിലുള്ള ചട്ടങ്ങളുടെയും ഉത്തരവുകളുടെയും ബന്ധപ്പെട്ട ഹിയറിംഗ് ഓഫീസർമാരുടെ റിപ്പോർട്ടിന്റെയും ഹിയറിംഗ് വേളയിൽ ഉന്നയിക്കപ്പെട്ട വാദഗതികളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ചു.

ടി സ്കൂളിൽ 30/04/2021 നുണ്ടായ വിരമിക്കൽ ഒഴിവിലേക്ക് ജൂനിയർ ഹിന്ദി അദ്ധ്യാപികയായി 15/07/2021 മുതൽ 4- ാം ഹർജിക്കാരിയായ ശ്രീമതി സവിത . എ . കെ യെ മാനേജർ നിയമിക്കുകയും നിയമന പ്രൊപ്പോസൽ അംഗീകാരത്തിനായി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട് . എന്നാൽ ടി നിയമനം താഴെപ്പറയുന്ന കാരണങ്ങളാൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചിട്ടുണ്ട് .

1. ടി സ്കൂളിൽ 2009-10, 2010-11, 2012-13 വർഷങ്ങളിൽ ജൂനിയർ ഹിന്ദി അധ്യാപക തസ്തികയിൽ നിയമനം നടത്തിയിട്ടുള്ള ശ്രീമതി സ്മിത പി . പി യ്ക്ക് നാളിതുവരെ നിയമനാംഗീകാരം ലഭിച്ചിട്ടില്ല .

2. ശ്രീമതി സവിതയുടെ പ്രൊപ്പോസൽ പരിശോധിച്ചതിൽ ഒറിജിനൽ കെ - ടെറ്റ് സർട്ടിഫിക്കറ്റ് സമർപ്പിച്ചിട്ടില്ല . കൂടാതെ ലാംഗ്വേജ് ഹിന്ദി അധ്യാപികയാകാനുള്ള അടിസ്ഥാന യോഗ്യതയായി നൽകിയിട്ടുള്ള രാഷ്ട്രഭാഷാ വിശാരദ് ന്റെ ജെന്യൂനിറ്റി സർട്ടിഫിക്കറ്റ് സമർപ്പിച്ചിട്ടില്ല .

ശ്രീമതി സ്മിതയെ മാനേജർ നിയമിച്ചിട്ടുണ്ടായിരുന്നത് ഒഴിവില്ലാത്ത തസ്തികയിലായതിനാൽ നിലവിലുള്ള ചട്ടപ്രകാരം ടിയാരിയുടെ അവകാശവാദം നിലനിൽക്കുന്നതല്ല എന്നാണ് മാനേജർ വാദിച്ചിട്ടുള്ളത് . എന്നാൽ ശ്രീമതി സ്മിത . പി . പി തന്റെ നിയമനം അംഗീകരിക്കുന്നതിനായി ബന്ധപ്പെട്ട ബഹു . ഹൈക്കോടതി മുൻപാകെ റിട്ട് ഹർജി നം . 8942/2021 ഫയൽ ചെയ്തിട്ടുള്ളതായി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ അറിയിച്ചിട്ടുണ്ട് . സീനിയർ നിയമനാർത്ഥിയുടെ നിയമനം അംഗീകരിക്കുന്ന മുറയ്ക്ക് മാത്രമേ 4- ാം എതിർകക്ഷിയുടെ നിയമനം സംബന്ധിച്ച് തീരുമാനം എടുക്കുവാനാവുകയുള്ളൂ എന്നാണ് പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളത് .

ടി സ്കൂളിൽ 2009-10, 2010-11, 2012-13 വർഷം ജൂനിയർ ഹിന്ദി അധ്യാപികയായി ജോലി ചെയ്തിരുന്ന ശ്രീമതി സ്മിത . പി . പി . തന്റെ നിയമനാംഗീകാരം സംബന്ധിച്ച് ബഹു . ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള റിട്ട് ഹർജി നം . 8942/2021 മേലുള്ള അന്തിമ വിധിയ്ക്ക് വിധേയമായി മാത്രമേ 4- ാം എതിർ കക്ഷിയുടെ 15/07/2021 മുതലുള്ള ജൂനിയർ ഹിന്ദി തസ്തികയിലെ നിയമനാംഗീകാരം സംബന്ധിച്ച് തീരുമാനം കൈക്കൊള്ളാൻ കഴിയുകയുള്ളൂ എന്ന് ബോദ്ധ്യപ്പെട്ടു.

മേൽ സാഹചര്യത്തിൽ ശ്രീമതി സ്മിത . പി . പി . തന്റെ നിയമനാംഗീകാരം സംബന്ധിച്ച് ബഹു . ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള റിട്ട് ഹർജി നം . 8942/2021 മേലുള്ള അന്തിമ വിധിയ്ക്ക് വിധേയമായി 4- ാം എതിർകക്ഷിയുടെ നിയമനാംഗീകാരം സംബന്ധിച്ച നടപടികൾ കൈക്കൊള്ളാൻ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഇപ്രകാരം റിട്ട് ഹർജി നം . 22731/2021 മേലുള്ള 22/10/2021 ലെ വിധിന്യായം പാലിച്ചിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജ്യോതിലക്ഷ്മി എൽ
അണ്ടർ സെക്രട്ടറി

പകർപ്പ്:-

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

ജില്ലാ വിദ്യാഭ്യാസ ഓഫീസർ, വണ്ടൂർ, മഞ്ചേരി, വണ്ടൂർ , മലപ്പുറം -679 328

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, മേലാറ്റൂർ, മലപ്പുറം- 679 326

മാനേജർ, ഡി.എൻ.എം. എ.യു.പി സ്കൂൾ, ഇടയാറ്റൂർ.പിഒ., മേലാറ്റൂർ(വഴി) മലപ്പുറം-679 326

ശ്രീമതി. സവിത.എ.കെ, ജൂനിയർ ഹിന്ദി ടീച്ചർ, ഡി.എൻ.എം. എ.യു.പി സ്കൂൾ, ഇടയാറ്റൂർ.പിഒ., മേലാറ്റൂർ(വഴി) മലപ്പുറം-679 326

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

പൊതുജന സമ്പർക്ക പ്രസിദ്ധീകരണ വിഭാഗം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by Mini.t.r.
Date: 25-01-2022 11:58:10
Reason: Approved

സെക്ഷൻ ഓഫീസർ